# പഴയനിയമത്തിനും പുതിയനിയമത്തിനും മദ്ധ്യേയുള്ള ഇടവേള

**I. ആമുഖം-ചരിത്രപരമായ ഗർത്തം-**വിവരങ്ങളുടെ ഉറവിടങ്ങൾ.

പഴയനിയമത്തിനും പുതിയനിയമത്തിനും ഇടയ്ക്കു ഒരു നാനൂറു വർഷത്തെ ചരിത്രപരമായ ഗർത്തമു്. ആ നൂറ്റാുകളിൽ ഗ്രീക്കുകാർ അവരുടെ കലയും സാഹിത്യവും അഭിവൃദ്ധിപ്പെടുത്തി; പടിഞ്ഞാറെ ആസ്യയിൽ ഗ്രീക്ക് കലയുടെ ശക്തി കൂടുതൽ പ്രയോജനപ്പെടുന്ന വിധത്തിൽ ശക്തമായി തീർന്നതു അലക്സാറുടെ കീഴിലായിരുന്നു; തിബര്യയിൽ, മുൻനിരയിലായിരുന്ന ടൗണായിരുന്നു റോം, വിസ്തൃതമായ "മദ്ധ്യധരണ്യാഴിയുടെ രാജവാഴ്ച്ചയിലായിരുന്നു," റോമൻ റോഡുകളും, നിയമങ്ങളും, റോമൻ *സംസ്ക്കാരവും* എല്ലാം തന്നെ, അറിയാതെ കൂടുതൽ വിശാലമായ ദൈവത്തിന്റെ നീതി വസിക്കുന്ന ഒരു രാജ്യത്തിനു വഴി ഒരുക്കി. ആ നൂറ്റാുകളിൽ എബ്രായ പുരോഹിതന്റേയും ദൈവശ്വാസീയ ചരിത്രകാരന്റേയും തൂലികകൾ നിശബ്ദമായിരുന്നു. അതുകൊു യെഹൂദ സംഭവങ്ങളെ കുറിച്ചു അറിയുന്നതിനു മൂന്നു ഉറവിടങ്ങളെ നമുക്ക് ആശ്രയിക്കണം, അതായത്.:

1. **ദൈവശ്വാസീയമല്ലാത്ത പഴയനിയമ എഴുത്തുകൾ.** – ഇത് അക്കാലത്തെ പഴയനിയമത്തോട് അനുബന്ധപ്പെടുത്തിയിരിക്കുന്ന, ദൈവശ്വാസീയമല്ലാത്ത യെഹൂദ എഴുത്തുകളാണ്. അത് അക്കാലത്തെ ചരിത്രത്തെ വെളിച്ചം വീശുന്നതാണ്, എന്നാൽ ദൈവശ്വാസീയമായ പുസ്തകങ്ങളിൽ നിന്ന് അവ എത്രയോ തരം താഴ്ന്നതാണ്. മിസ്രയീമിലെ ജ്ഞാപകങ്ങൾ, ബാബിലോണിലെ ഇഷ്ടിക എഴുത്തുകൾ, നിനബേയിലെ കളിമൺ പലകകൾ എന്നിവയും, മറ്റനേകം കുപിടുത്തങ്ങളും തിരുവെഴുത്തു രേഖകളുടെ കൃത്യത ചരിത്രത്തിൽ കൂടുതൽ ഉറപ്പിക്കുമ്പോഴും, ദൈവശ്വാസീയമല്ലാത്ത എഴുത്തുകൾ കാലത്തിനനുരൂപമല്ലാത്തതാണെന്നും, ചരിത്രപരവും ഭൂമിശാസ്ത്രപരവുമായ തെറ്റുകൾ ഉള്ളതുമാണെന്നും തെളിയിക്കുന്നു. ചരിത്രപരമായി, മെക്കാബ്യരുടെ ആദ്യത്തെ പുസ്തകം ഏറ്റവും വിലപിടിപ്പുള്ള ശേഖരമാണ്.

2. **ജോസെഫസിന്റെ എഴുത്തുകൾ.**– ഏ.ഡി. 37-ൽ ജനിച്ച, യെഹൂദ ചരിത്രകാരനായിരുന്നു ജോസെഫസ്. ടൈറ്റസ് യെരുശലേം ഉപരോധിക്കുകയും നശിപ്പിക്കുകയും ചെയ്തപ്പോൾ അയാൾ രക്ഷപ്പെടുകയും, രു പ്രധാന പ്രവൃത്തികൾ എഴുതുകയും ചെയ്തു: "ദി ആന്റികിറ്റീസ് ഓഫ് ദ ജ്യൂസ്," എന്നത് സൃഷ്ടിമുതലുള്ള പൂർണ്ണ ചരിത്രവും, "യെഹൂദ യുദ്ധങ്ങൾ," എന്നത് ബി.സി. 170 മുതൽ അയാളുടെ സമയം വരെയുള്ള തന്റെ ജനത്തിന്റെ വിവരങ്ങളും നൽകുന്നു.

3. **റോമാ, യവന എഴുത്തുകാർ.**

**II. രാഷ്ട്രീയ കാലങ്ങൾ.**

രാഷ്ട്രീയ ചരിത്രത്തിൽ ആറു കാലഘട്ടങ്ങൾ ഉൾപ്പെട്ടിരിക്കുന്നു, അതായത്.: (1) പാർസി; (2) മെക്കദോന്യ; (3) മിസ്രയിം; (4) സിറിയ; (5) മെക്കാബ

്യൻ, അല്ലെങ്കിൽ സ്വതന്ത്രമായ; (6) റോമൻ.

1. **പാർസി കാലം** (ബി.സി. 538-332). - മഹാനായ കോരെശ് ബാബിലോൺ പിടിച്ചടക്കിയതും, അടിക്കടി പാർസിയൻ ആധിപത്യത്തോട് യെഹൂദന്മാർ ബന്ധം പുലർത്തിയതും മുതലാണ് ആ കാലം ആരംഭിക്കുന്നത്. അതുകൊു, ആ കാലത്തിന്റെ വലിയൊരുഭാഗവും, പഴയനിയമ ചരിത്രത്തിലെ പ്രവാസ-ശേഷമുള്ള കാര്യങ്ങളാണ് അടങ്ങുന്നത്. പാർസികളുടെ കീഴിൽ യെഹൂദന്മാരെ ഭരിച്ചിരുന്നത് അവരുടെ തന്നെ മഹാപുരോഹിതന്മാർ ആയിരുന്നു, അത് സിറിയൻ സത്രപ്പ്, അല്ലെങ്കിൽ നാടുവാഴിയുടെ നിയന്ത്രണത്തിലായിരുന്നു. മുഖ്യമായും, പാർസ്യഭരണം മിതത്വം ഉള്ളതായിരുന്നു. ശമര്യക്കാരുമായി ഉള്ള കുഴപ്പം തുടർന്നിരുന്നു. ഇവർ, ഇറക്കുമതി ചെയ്ത അശൂര്യരുമായി സംയോജിപ്പിച്ചിരുന്ന, പത്തു ഗോത്രങ്ങളിലെ അവശേഷിച്ചവരായിരുന്നു, എന്നത് ഓർമ്മിക്കേതാണ്. അവരെ ഇടയ്ക്കിടെ വിശ്വാസഘാതകന്മാരായ യെഹൂദന്മാരാൽ യഥാസ്ഥാനപ്പെടുത്തിയിരുന്നു, അവരിൽ ഒരാൾ, പുരോഹിതനായിരുന്ന മനശെ, ഗെരീസീം പർവ്വതത്തിൽ ഏതാ് ബി.സി. 400-ൽ ഒരു ആലയം പണിതു. (*ഒ.വാ.* യോഹന്നാൻ 4:20). ശമര്യക്കാർ അഞ്ചു പുസ്തകങ്ങൾ കൈവശമാക്കുകയും, ദൈവത്തിൽ വിശ്വസിക്കുകയും, യാഗം കഴിക്കുകയും, മശിഹയ്ക്കുവേി കാത്തിരിക്കുകയും ചെയ്തു. അവരുടെ മതം അധഃപതിച്ച യെഹൂദമതമെന്ന് പറയാം.

2. **മക്കദോന്യ കാലം** (ബി.സി. 332-323). - 334-ലെ വസന്തകാലത്തിൽ, അലക്സാർ ആസ്യ കടന്ന് തന്റെ കീഴ്പ്പെടുത്തൽ പരമ്പര തുടർന്നിരുന്നു. ഗ്രാനിക്കസിലും യിസൂസിലും വെച്ചു ദാര്യാവേശിനെ പരാജയപ്പെടുത്തി, ദുർവാശിയോടെ ഏഴുമാസം പ്രതിരോധിച്ചശേഷം സോർ പിടിച്ചടക്കി, പാലസ്തീൻ വഴി അവൻ മിസ്രയീമിലേക്ക് കടന്നു. യെരുശലേം നഗരത്തിനുപുറത്തുവെച്ച്, ഒരു പ്രദക്ഷിണത്തെ നയിച്ചുകൊു പോയ, മഹാപുരോഹിതനായിരുന്ന യാദുവാ, എങ്ങനെ അലക്സാറെ കുമുട്ടിയെന്ന് രസകരമായി ജോസെഫസ് വിവരിക്കുന്നു്; എങ്ങനെ അലക്സാർ ഒറ്റനോട്ടത്തിൽ അസാധാരണ[1] ബഹുമാനമുള്ളവനായി തീരുന്നു എന്നും; സാധാരണ കവർച്ചയിൽ നിന്ന് നഗരത്തെ എങ്ങനെ മാറ്റി നിർത്തി എന്നും; അവൻ എങ്ങനെ ദേവാലയത്തിൽ പ്രവേശിച്ച്, യെഹൂദന്മാരുടെ ദൈവത്തെ ആരാധിച്ചു എന്നും; മഹാപുരോഹിതനെ കാണുകയും, പാർസികളെ[2] കീഴടക്കുവാൻ അവൻ ആവശ്യപ്പെട്ടതായും പറയുന്ന, മക്കദോനിയയിൽ വെച്ച് താൻ ക സ്വപ്നത്തിന്റെ ഫലമായാണ് താൻ ചെയ്ത അസാധാരണ പ്രവൃത്തി എന്ന് അവൻ തന്റെ ഉദ്യോഗസ്ഥരോടു എങ്ങനെ വിവരിക്കുന്നു എന്നുമാണ്. ആ സ്വപ്നത്തിൽ എങ്ങനെയായാലും അലെക്സാറും അവന്റെ അനുയായികളും യെഹൂദന്മാരെ കോളനി നിവാസികളാക്കി തീർക്കുന്നത് വിലയുള്ളതായി കു; കാരണം അത്തരം നേട്ടങ്ങൾ നയിൽ നദിയുടെ സമീപമുള്ള യെഹൂദന്മാരോടു വ്യാപിപ്പിച്ചുകൊ്, അലെക്സെന്ത്രിയ യെഹൂദ ജനത്തിന്റെ ഒരു കേന്ദ്രബിന്ദു ആവുകയും, യെഹൂദ പഠനത്തെ ആഘോഷിക്കുന്ന പ്രവണതയിലേക്കു മാറുകയും ചെയ്തു.

3. **മിസ്രയീം കാലം** (ബി.സി. 333-204). - ബി.സി. 323-ൽ ബാബിലോണിൽ അലെക്സാർ മരിച്ചു. ഇരുപതുവർഷത്തെ തെറ്റിദ്ധരിക്കപ്പെട്ട പ്രതിസന്ധികൾ നിറഞ്ഞ തലമുറകളിൽ അവന്റെ സാമ്രാജ്യം ഭിന്നിക്കുകയും, ചില ക്രമങ്ങൾ ഉത്ഭവിക്കുകയും ചെയ്തു. സെലൂക്കസിന് ആസ്യയിലെ

പ്രവിശ്യകളിൽ അധികവും ലഭിച്ചു. പൂർവ്വദിക്കിലെ പുരാതനതലസ്ഥാന ങ്ങളായ, ശൂശാ, ബാബിലോൺ, ദമസ്കോസ് എന്നിവ ഒറോന്തസിൽ സ്ഥാപി ക്കയും ചെയ്തു, അത് മദ്ധ്യധരണ്യാഴിയുടെ സമീപത്ത്, അന്ത്യോക്യ പട്ട ണമെന്ന് അറിയപ്പെടുന്നു. അതിനുശേഷം രര നൂറ്റാുകൾ പിന്നിട്ട്, സെലൂസിദെ (സെലൂക്കസിന്റെ പിൻഗാമികൾ) ധനികമായ സിറിയ സാമ്രാ ജ്യം ഭരിക്കുകയും, നൂറ്റാുകളോളം അവിടെ ധനവും ആസ്യയുടെ സംസ്കാരവും നിലനിന്നു.

ടോളമി മിസ്രയീമിനെ വിജയിച്ച്, അതിന്റെ പുതിയ തലസ്ഥാനമായ, അലക്സന്ത്രിയ, പെട്ടെന്ന് വ്യാവസായികമായും സാഹിത്യപരമായും പൂർവ്വ ദിക്കിൽ ഉയരുകയുായി. ആ രു സാമ്രാജ്യങ്ങളും തലസ്ഥാനങ്ങളും നീ കാലത്തേക്ക് എതിരായിരുന്നു. ടോളമി സെലൂക്കസിൽ നിന്ന് പാല സ്തീൻ കൈവശമാക്കി. ടോളമിമാരുടെ നൂറ്റ്, മുഖ്യമായും, യെഹൂദ ന്മാർക്ക് സമ്പൽസമൃദ്ധമായ കാലമായിരുന്നു. ശ്രദ്ധേയമായ സംഭവമെന്തെ ന്നാൽ എബ്രായതിരുവെഴുത്തുകൾ ഗ്രീക്കിലേക്ക് തർജ്ജിമ ചെയ്തതാണ്, അത് ഫിനദെൽഫസിലെ ടോളമിയുടെ കല്പനപ്രകാരമായിരുന്നു, മഹത്തായ അലക്സാന്ത്രിയൻ ലൈബ്രറിയായി തീർന്നു. ആ പ്രവൃത്തിയെ അനേക പാരമ്പര്യതർജ്ജിമകളിൽ നിന്ന്, സെപ്റ്റ്വജിന്റ് എന്ന് അറിയപ്പെടുന്നു.

4. **സിറിയൻ കാലം** (ബി.സി. 204-167). - പാലസ്തീൻ വീും ര് എതിർശക്തികളുമായി പോരാട്ടത്തിലേർപ്പെട്ടു. അവസാനം സെലൂസിഡെ ടോളമിമാരിൽ നിന്ന് ദേശം കൈവശമാക്കി. സിറിയക്കാരുടെ ഭരണകാലം ഇരുതായിരുന്നുവെങ്കിലും നാനൂറുവർഷക്കാലം മഹത്തായ ഒന്നായിരുന്നു. സെലൂദിസേമാർ സദാചാരമില്ലാത്ത സ്വേഛാധിപതിമാരായിരുന്നു. എപ്പിഫാ നസ് ആന്റിയോക്കസ് (ബി.സി. 175-164) ഏറ്റവും കുപ്രസിദ്ധമായവരിൽ ഒരാളായിരുന്നു. ഒരിക്കൽ മിസ്രയീമിലെ പരാജയത്തിൽ നിന്ന് മടങ്ങിവന്ന സമയത്ത്, അവൻ യെരുശലേമിൻമേൽ പ്രതികാരം നടത്തി. അവിടത്തെ ജനസംഖ്യയിൽ നാല്പതിനായിരം പേരെ കൂട്ടക്കൊല ചെയ്തു, ദേവാല യവും അതിലെ വസ്തുക്കളും തകർക്കുകയും, യെഹൂദന്മാരുടെ മതബോ ധത്തെ ദ്രോഹിച്ചുകൊ് യാഗപീഠത്തിന്മേൽ ഞാറു നടുകയും, ദേവാലയ ത്തിന്റെ ഉള്ളിൽ മദ്യംകൊ് തളിക്കുകയും അശുദ്ധ മൃഗത്തിന്റെ ഒരു ഭാഗം അവിടെ വേവിക്കുകയും ചെയ്തു. എബ്രായ മതത്തെ എല്ലാ വിധത്തിലും തകർത്തുകൊ്, ദേശത്തെ ഗ്രീക്കുകാരുടേതാക്കി മാറ്റുവാനാണ് അവൻ ശ്രമിച്ചത്. അവൻ ദേവാലയം അടക്കുകയും, പിന്നെ, മരണവേദനയുാക്കും വിധത്തിൽ, യെഹൂദ മതത്തെ അവൻ നിരോധിച്ചു. വിശ്വാസത്തെ വിട്ടുക ളയുന്നതിനേക്കാൾ ജീവിതത്തെ യാഗം കഴിക്കുന്നതാണ് ഉത്തമമെന്ന് അനേ കംപേർ മനസ്സിലാക്കി. ഇത്തരത്തിൽ പ്രതിരോധിച്ച പ്രമാണിമാർ ഒരു പുരോ ഹിത-ദേശ ഭക്തിയുള്ള കുടുംബമായിരുന്നവരെ മക്കാബ്യർ എന്നാണ് അറി യപ്പെട്ടത്.

5. **മെക്കാബ്യ കാലം** (ബി.സി. 167-63). - പ്രായമായ പുരോഹിതനായി രുന്ന മെറ്റാതിയാസ് സ്വാതന്ത്ര്യത്തിനുവേ ഒരു യുദ്ധം തുടങ്ങുകയും, അത് അവന്റെ പുത്രന്മാർ മുപ്പതുവർഷത്തോളം തുടരുകയും ചെയ്തു. ജൂഡാസ്, എന്ന യെഹൂദ പോരാട്ടക്കാരൻ, അവന്റേതായ കണക്കനുസരിച്ച് പത്തുപ്രാവശ്യത്തെ യുദ്ധത്തിൽ, അഞ്ചുപ്രാവശ്യം ജയിക്കുകയും, അങ്ങനെ “മെക്കാബി” (ചുറ്റിക) എന്ന നാമം കുടുംബത്തോടു ചേർക്കു

കയും ചെയ്തു. ജൂഡാസ് ദേവാലയം ശുദ്ധീകരിച്ച് പുനഃപ്രതിഷ്ഠ നടത്തുന്നതുവരെ, വിജയിച്ചുകൊയേിരുന്നു, പ്രതിഷ്ഠോത്സവം ആദരണീയമായി തുടർന്നു ആചരിക്കേിയിരുന്നു (യോഹന്നാൻ 10:22). അവസാനം ജൂഡാസ് യുദ്ധത്തിൽ വീണുപോയി; എന്നാൽ അവന്റെ സഹോദരനായ ശീമോൻ ആ കുഴപ്പം പിടിച്ച നിരാശ്രയത്വത്തെ ജയിക്കുകയും, സിറിയക്കാരെ അംഗീകരിക്കുകയും ചെയ്തു. ശീമോന്റെ മകൻ, ജോൺ ഹിർക്കാനസ്, അവനെ പിൻതുടർന്ന് രാജാവായി തീർന്നു. അങ്ങനെ അസ്മോനിയൻ[3] രാജ്യം നിലവിൽ വന്നു, ആ പേർ വന്നത് മെക്കാബീസിന്റെ മുൻഗാമിയായിരുന്ന, അസ്മോനിയസിൽ[4] നിന്നാണ്.

**6. റോമൻ കാലം** (ബി.സി. 63-ഏ.ഡി. 70, പോംപെ യെരുശലേം പിടിച്ചതുമുതൽ ടൈറ്റസ് അതിനെ നശിപ്പിക്കുന്നതുവരെ). - മെക്കാബിയ കാലത്തിന്റെ അവസാനത്തോടടുത്ത് മോശമായ ആഭ്യന്തര കലഹം ഉായി. അസ്മോന്യ കുടുംബത്തിലെ വിവിധ അംഗങ്ങൾ തമ്മിൽ സിംഹാസനത്തിനുവേ കലഹിച്ചിരുന്നു; ഗൂഢാലോചനകളും നിഗൂഢതകളും നടന്ന് അന്യോന്യം കൊല്ലുകയും, ആ രക്തച്ചൊരിച്ചിൽ റോമിന്റെ ആധിപത്യ ഉയർച്ചക്കു കാരണമായി തീർന്നു. ബി.സി. 63-ൽ, മഹാനായിരുന്ന പോംപെ, മൂന്നാം മിത്രിദാത്യ യുദ്ധത്തിന്റെ അവസാനം, അവന്റെ വിജയകരമായ സൈന്യം സിറിയയിലേക്ക് നയിക്കപ്പെടുകയും, സെലൂസിഡെയുടെ രാജ്യത്തിന് അറുതിവരുത്തുകയും, പിന്നെ, യെരുശലേമിനെ പിടിച്ചടക്കി, യെഹൂദന്മാരുടെ രാഷ്ട്രീയ ജീവിതത്തിന്റെ സ്വാതന്ത്ര്യത്തിന് അറുതിവരുത്തുകയും ചെയ്തു. കുറെക്കാലത്തേക്ക് അസ്മോന്യർ പ്രാദേശികമായ ഭരണം തുടർന്നുകൊു, സിറിയയുടെ റോമൻ നാടുവാഴിക്കുകീഴിൽ, തിബര്യയിൽനിന്ന്, അങ്ങനെ സ്വേഛാധിപത്യ ഭരണത്തിലേക്കു നീങ്ങി.

**ഹെരോദ്യ കുടുംബം.** - ഇപ്പോൾ ഒരു പുതിയ വ്യക്തിപരമായ ശക്തി രംഗത്തുവരുന്നു. ഒരു നൂറ്റ് ഹെരോദ്യ കുടുംബം യെഹൂദ ചരിത്രത്തിലെ നായകീയ പങ്കു വഹിക്കുന്നു; നിർണ്ണായകമായ ഒരു നൂറ്റ്, യേശുവിന്റെ ജനനത്തിനും പ്രവർത്തികൾക്കും സാക്ഷിയാവുകയും, സഭ സ്ഥാപിതമാകുകയും ചെയ്യുന്നു. മഹാനായിരുന്ന ഹെരോദാവു (ബി.സി. 37-4) ഇദൂമ്യ (ഏദോമ്യ) വംശക്കാരനായിരുന്നു. ബി.സി. 47-ൽ അവന്റെ അപ്പൻ, ആന്റിപേറ്റർ, യെഹൂദയിലെ നാടുവാഴിയായി. അതേ സമയത്ത്, ഹെരോദാവു ഗലീലയിലെ നാടുവാഴിയുമായി. ബി.സി. 40-ൽ അവൻ യെഹൂദയിൽ രാജാവായി റോമാസെനറ്റിനാൽ നിയമിച്ചു, എന്നാൽ അവന്റെ രാജ്യം പിടിച്ചടക്കേതായിരുന്നു, അത് ബി.സി. 37-ൽ നേടിയെടുത്തു. യെഹൂദ പുരോഹിത-രാജാവായിരുന്ന ഹിർക്കാനസിന്റെ കൊച്ചുമകളായിരുന്നു, മരിയാനയെ അവൻ വിവാഹം കഴിച്ചു, അങ്ങനെ, അസ്മോന്യ വംശവുമായി ബന്ധപ്പെട്ട് സിംഹാസനത്തിനു അവകാശം ഉന്നയിച്ചു. ഭരണകൂടത്തിന് അപൂർവ്വമായ പ്രാഗത്ഭ്യമായിരുന്നു ഹെരോദാവിനു ഉായിരുന്നത്; എന്നാൽ അവന്റെ പകരക്കാർ അവനിലും വലിയവനായിരുന്നു. എളിയവരോടു എന്തും ചെയ്യാൻ മടിയില്ലാത്തവനായിരുന്ന അവൻ, തന്നിഷ്ടക്കാരനും, ഭ്രാന്തുന്നെു സംശയിക്കുന്നവനുമായിരുന്നു; അവന്റെ അസൂയക്കും ഭ്രാന്തിനും അനേകംപേർ ഇരകളായി തീർന്നു; അവന്റെ അമ്മായി-അമ്മ, അളി-യനും, രു പുത്രന്മാരും അവന്റെ സുന്ദരിയായ മരിയാനയും അതിൽപെട്ടിരുന്നു. അവൻ ഓട്ടപന്തയവും മറ്റു യവന ആചാരങ്ങളും യെരു

ശലേമിലേക്കു കൊുവന്ന് യെഹൂദന്മാരുടെ വെറുപ്പുസമ്പാദിച്ചു. അവന്റെ കൺമുൻപാകെ ഇതനുഷ്ഠിക്കുവാൻ, അവൻ ദേവാലയത്തെ പുതുക്കിപ ണിതു, ശലോമോന്റേതിൽ നിന്ന് വലുതാക്കുകയും, സെരൂബാബേലിന്റേതിൽ നിന്നു സമ്പന്നമാക്കുകയും ചെയ്തു. കൂടാതെ ശമര്യയുടെ പഴയ പട്ടണത്തെ പുതുക്കി പണിയുകയും, അതിന് സെബാസ്തേ എന്നു പേരിടുകയും, കൈസര്യയുടെ പുതിയ പട്ടണം കത്തെി, അതിനെ പാലസ്തീനിന്റെ രാഷ്ട്രീയ തലസ്ഥാനമാക്കുകയും ചെയ്തു. “അവന്റെ സിംഹാസനം അവന്റെ ബന്ധങ്ങളിലെ രക്തച്ചൊരിച്ചിൽ നിറഞ്ഞതായിരുന്നു” എങ്കിലും, ദാവീദിന്റെയും ശലോമോന്റെയും വാഴ്ചകളിൽ സംഭവിച്ചതുപോലെ, അവൻ തന്റെ രാജ്യത്തിന് അതു ഇതുവരെ ഒരിക്കലും അറിഞ്ഞിട്ടില്ലാത്ത മനോഹാ രിത നൽകി. ആ ഭൗതികമായ മനോഹാരിതകൾ ഒന്നും യെഹൂദന്മാരെ തൃപ്ത രാക്കിയില്ല, അവരുടെ വംശാവലിയുടെ അഭിമാനവും ഭൂതകാല മഹിമയും, അവരെ ഒതുക്കമുള്ള വംശമാക്കി നിലനിർത്തി. അവരുടെ ചങ്ങലകൾ സ്വർണ്ണം പൂശിയിരുന്നു; എങ്കിലും അപ്പോഴും ചങ്ങലകൾ ഉായിരുന്നു. ഹെരോദാവു തന്നെയും അന്യവംശക്കാരനായിരുന്നു, അവൻ മറ്റൊരു വംശ ത്തിന്റെ പ്രതിനിധിയായിട്ടായിരുന്നു ഭരിച്ചിരുന്നത്. ദാവീദിന്റെ സമാഗമനകൂടാ രം, തീർച്ചയായും, വീഴുകയും, ദേശത്താൽ തിരഞ്ഞെടുക്കപ്പെട്ടവരും, “യിസ്രാ യേലിലെ യിസ്രായേലും,” അതിനെ വീും ഉയർത്തുവാനും പഴയ നിലയിൽ പണിയുവാനും കഴിവുള്ളവനുവേി കാത്തിരുന്നു. (ആമോസ് 9:11).

## III. ജീവിതത്തിലും ആചാരങ്ങളിലും ഉള്ള മാറ്റങ്ങൾ.

**1. തൊഴിൽ.** – ആരംഭത്തിൽ എബ്രായർ കൃഷിക്കാരും ആട്ടിടയന്മാരുമാ യിരുന്നു. ശലോമോന്റെ കാലത്തും, പിന്നീടുവന്ന ചില രാജാക്കന്മാരുടെ കാലത്തും, അവർ വിദേശവ്യാപാരങ്ങളിൽ ഏർപ്പെട്ടിരുന്നു. പ്രവാസത്തിൽ നിന്ന് അവർ ചിതറിപ്പോയതുമുതൽ ഒരു പരിധിവരെ വിദേശ വ്യാപാരിക ളായിത്തീർന്നു, ആ സ്വഭാവം അവർ ഒരിക്കലും വിട്ടുകളഞ്ഞിരുന്നില്ല.

**2. ഭാഷ.** – പ്രവാസം മുതലും, ഭാഷയിൽ, വലിയ മാറ്റങ്ങൾ വന്നു. കൽദ യ, സിറിയ പാർസി തുടങ്ങിയവ അവരിൽ വന്നു, പിന്നെ, നൂറ്റാുകൾ കഴിഞ്ഞപ്പോൾ, അപരിഷ്കൃതരുടെ ആക്രമണത്തിനുശേഷം ഇറ്റലിയിൽ സംഭവിച്ചതു തന്നെയായിരുന്നു ഫലം. ആധുനിക ഇറ്റലിക്കാരൻ, അതിൽ നിന്നാണു വന്നതെങ്കിലും സാഹിത്യകാരനായ ലാറ്റിൻകാരൻ അല്ല. അതു പോലെ, സാഹിത്യപരമായ എബ്രായഭാഷ നിർജ്ജീവമായി തീരുകയും, അരാ മ്യ ഭാഷ പാലസ്തീനിൽ ക്രിസ്തീയ കാലം ആരംഭിക്കുമ്പോൾ സാധാ രണഭാഷയായി തീരുകയും ചെയ്തു.

**3. മതം.** – മതത്തിലുായ മാറ്റം ഇങ്ങനെ ചുരുക്കിപ്പറയാം:

*a. വിഗ്രഹാരാധന എന്നേക്കുമായി അപ്രത്യക്ഷമാകുന്നു.* – പ്രവാസ കാലത്തിനുമുൻപു ജാതികളുടെ ആരാധനയെ അനുകരിക്കുന്ന ഒരു പ്രവ ണത അവർക്കുായിരുന്നത് നാം കുവല്ലൊ. അത് ഒടുവിൽ ജാതീയത യുടെ വാസന എല്ലാറ്റിലും വരുകയും അറപ്പുളവാക്കുകയും ചെയ്തു.

*b. പള്ളിയുടെ വരവ്.* – പഴയനിയമത്തിൽ പള്ളിയെകുറിച്ചുള്ള വിവരം കാണുന്നില്ല. ഒരുപക്ഷെ പ്രവാസകാലത്ത് ദേവാലയാരാധന ഇല്ലാതിരുന്ന സമയത്ത് ഉത്ഭവിച്ചതാകാം അത്. പത്തുപേർ ഉങ്കെിൽ അവർക്ക് ഒരു

പള്ളി പണിയാം. യെരുശലേമിൽ തന്നെ അവർ നൂറുകണക്കിനുായിരുന്നു, സാമ്രാജ്യത്തിലെ വലിയ പട്ടണങ്ങളിൽ എല്ലാം അനവധി ഉായിരുന്നു. ആരാധനകളിൽ ദിവസേനയുള്ള പ്രാർത്ഥനയിൽ യാഗത്തിനുള്ള നാഴികകളും, ശബ്ബത്ത് വായനകളും, തിരുവെഴുത്തുവ്യാഖ്യാനവും ഉൾപ്പെട്ടിരുന്നു, ആശീർവാദത്തോടുകൂടെ അവസാനിപ്പിക്കുകയും ചെയ്തു.

*C. യെഹൂദ വിഭാഗങ്ങൾ ആരംഭിക്കുന്നു.* – അവ (1) വായ്മൊഴിയാലുള്ള മോശെയുടെ ന്യായപ്രമാണം പിടിച്ചിരുന്ന പരീശന്മാർ, പാരമ്പര്യമായി കിട്ടിയിരുന്നതും, എഴുതപ്പെട്ടവയ്ക്ക് തുല്യമായ അധികാരമുള്ളതായി കരുതുകയും ചെയ്തു. അവർ പുനരുത്ഥാനത്തെയും ഭാവി ജീവിതത്തെയും മുറുകെപിടിക്കുന്നവരായിരുന്നു. അവർ സങ്കുചിതമായി വേറിട്ടുനില്ക്കുകയും, ജാതികളുടെ ആചാരങ്ങൾ കൊുവരുന്നതിനെ എതിർക്കുകയും ചെയ്തു. ദേശത്തിന്റെ മിക്കഭാഗവും വാസ്തവത്തിൽ അവരുടെ കയ്യിലായിരുന്നു, അത് അവരിൽ ദേശീയ അംഗീകാരം നിലനിർത്തിയത് സംയോജനശക്തികൾ നിലനിന്നപ്പോഴായിരുന്നു. (2) സദൂക്യർ. മുകളിൽ പറഞ്ഞ പോയിന്റുകളിൽ എല്ലാം അവർ പരീശന്മാരെ എതിർത്തിരുന്നു, വായ്മൊഴിയാലുള്ള നിയമാധികാരത്തെയും, പുനരുത്ഥാനത്തെയും ഭാവി ജീവിതത്തെയും എല്ലാം നിഷേധിക്കുകയും, ദേശങ്ങൾ മിശ്രബന്ധം പുലർത്തുന്നതിനെ അവർ അനുകൂലിക്കുകയും, അവരുടെ ആചാരങ്ങളെയും ആശയങ്ങളെയും സ്വീകരിക്കുന്നതു തെറ്റല്ല എന്നും കരുതി. രാഷ്ട്രീയമായി അവർ റോമാഭരണകൂടത്തിന്റെ ആനുകൂല്യം നിലനിർത്തിപോന്നിരുന്നു. മഹാപുരോഹിതൻ സാധാരണ സദൂക്യരിൽ നിന്നുള്ളവനായിരുന്നു. (3) എസേന്യർ ഒരു ചെറിയ കൂട്ടം സന്യാസിമാർ, വിവാഹം കഴിക്കാതിരുന്നവരും സമൂഹത്തിൽ നിന്ന് വേറിട്ട്, ധ്യാനത്തിനായി സമയം ചെലവഴിച്ചവരുമായിരുന്നു. അവർ യെഹൂദ തപസ്വികളായിരുന്നു.

അതായിരുന്നു ദേശം, അതായിരുന്നു ദേശത്തിന്റെ അവസ്ഥ, ലോകത്തിലെ മഹത്തായ യുഗത്തിൽ അവർ അത്തരത്തിലായിരുന്നു. അബ്രഹാമിന്റെ ഉടമ്പടി പ്രാകൃതവശത്തിൽ എത്തുകയും അത് വളരെ വലിയ പുരോഗതിയിലെത്തുകയും ചെയ്തു. ആത്മീയവശമാണെങ്കിൽ, വളരെ കാലം നിഴൽ പരത്തിയിരുന്നു, എന്നാൽ വലിയ പ്രവാചകന്മാരാൽ നൂറ്റാുകളോളം ഊന്നൽ കൊടുത്തു പ്രവചിച്ചിരുന്നത്, ഇപ്പോൾ മുഴുവനും നിറവേറിക്കൊിരിക്കുന്നു. യെഹൂദ മതത്തിന്റെ മുൾച്ചെടി പഴുത്ത് ലോകമെമ്പാടും യേശുക്രിസ്തുവിന്റെ ആത്മീയമായ മതം വ്യാപിക്കുകയും ഉായി.

---

കുറിപ്പുകൾ

[1]ഡീൻ “സാധാരണയല്ലായിരുന്നു.” [2]ജോസെഫസ്, “ആന്റികിറ്റീസ്,” ബുക്ക് തക., അദ്ധ്യാ.്ശശശ. [3]അല്ലെങ്കിൽ ഹാസ്മോനിയൻ. [4]അല്ലെങ്കിൽ ഹാസ്മോനിയസ്.